സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# റവ. ജോർജ്ജ് മാത്തന്റെ വ്യാകരണ ചിന്തകളുംഭാഷാദർശനവും



**ഡോ. സ്നേഹാ ജോർജ്ജ് പച്ചയിൽ***

**സംഗ്രഹം**

ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഭാഷയുടെ സ്വരൂപം പഠിക്കുന്നതിനുള്ള ശ്രമമായിരുന്നു റവ. ജോർജ്ജ് മാത്തൻ മലയാഴ്മയുടെ വ്യാകരണത്തിലൂടെ നടത്തിയത്. ഭാഷയെക്കുറിച്ചും വ്യാകരണത്തെക്കുറിച്ചുമുള്ള അതിസൂക്ഷ്മമായ ധാരണകൾ വച്ചുപുലർത്തിക്കൊണ്ടാണ് ജോർജ്ജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണം' രചിച്ചിട്ടുള്ളത്.

'വ്യാകരണം ഒരു ശാസ്ത്രമായിട്ടും ഒരു സൂത്രമായിട്ടും ഇങ്ങനെ രണ്ടു ഭാവത്തിൽ വിചാരിക്കപ്പെടുന്നു' എന്നു നിരീക്ഷിക്കുന്ന ജോർജ്ജ് മാത്തൻ ഗൗരവമേറിയ ചില ഭാഷാ ശാസ്ത്രചിന്തകളിലേക്കാണ് മലയാളിയെ നയിച്ചത്. "മലയാളികൾ പരിചയംകൊണ്ടു മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവർക്ക് ആ ഭാഷയുടെ വ്യാകരണംകൊണ്ടു എന്തുപകാരം എന്നു ചോദിച്ചാൽ, ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിന്നും എഴുതുന്നതിന്നും പരിചയംകൊണ്ടു മനുഷ്യർക്കു വശമാകാമെങ്കിലും വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളേയും അറിയുന്നതിന്നു കഴിയുന്നതല്ല" (ജോർജ്ജ് മാത്തൻ 1863-2) എന്നിങ്ങനെയുള്ള വിശദീകരണത്തിലൂടെ നൂറ്റിയെഴുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ് റവ. ജോർജ്ജ് മാത്തൻ, ശാസ്ത്രീയ വീക്ഷണത്തിന്റേയും യുക്തിബോധത്തിന്റേയും ബലത്തിൽ ഭാഷയുടെ അടിസ്ഥാനഘടകങ്ങളെ അപഗ്രഥിക്കുകയായിരുന്നു. 'ഭാഷയുടെ പ്രമാണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളേയും കാണിക്കുന്നതാകയാൽ വ്യാകരണം ഒരു ശാസ്ത്രമാകുന്നു' എന്നു ജോർജ്ജ് മാത്തൻ തറപ്പിച്ചു പറയുന്നിടത്തു നിന്നുമാണ് ആധുനിക ഭാഷാശാസ്ത്രചിന്തകൾ മലയാളത്തിൽ പിറവിയെടുക്കുന്നത്. ജോർജ്ജ് മാത്തൻ സൃഷ്ടിച്ച വഴിത്താരകളിലൂടെയാണ് നമ്മുടെ വ്യാകരണ ചിന്തകളും ഭാഷാശാസ്ത്ര പഠനങ്ങളും മുന്നോട്ടുപോയത്.

**താക്കോൽവാക്കുകൾ:** റവ. ജോർജ്ജ് മാത്തൻ, മലയാഴ്മയുടെ വ്യാകരണം, അക്ഷരമാല, അർദ്ധാച്ച്, സമശിഖരം, സാമൂഹികഭാഷാശാസ്ത്രം

മൗലികമായ വ്യാകരണ ചിന്തകളാണ് ജോർജ്ജ് മാത്തനിൽ കാണാനാവുന്നത്. മലയാളഭാഷയിൽ ഒരു മലയാളി എഴുതിയ ആദ്യത്തെ മലയാള വ്യാകരണം എന്ന് റവ. ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ

* അസിസ്റ്റന്റ് പ്രൊഫസ്സർ, മലയാളം വിഭാഗം, സെന്റ് തോമസ് കോളേജ് കോഴഞ്ചേരി, പത്തനംതിട്ട - 689 641, Mob: 9447278595,

 ISSN No: 3049-0316 

വ്യാകരണ'ത്തെ വിശേഷിപ്പിക്കാവുന്നതാണ്. ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളഭാഷാ വ്യാകരണം 1850-ൽ പുറത്തുവരുന്നതിനു മുമ്പുതന്നെ റവ. ജോർജ്ജ് മാത്തൻ തന്റെ മലയാഴ്മയുടെ വ്യാകരണം എഴുതിക്കഴിഞ്ഞിരുന്നു. "ഈ ഗവേഷണ നിബന്ധത്തിന്റെ അധികഭാഗവും ഗുണ്ടർട്ടിന്റെ ഗ്രന്ഥം അച്ചടിശാലയിൽ നിന്നും പുറത്തിറങ്ങുന്നതിനു മുമ്പ് തയ്യാറാക്കിയിരുന്നു. ഗുണ്ടർട്ടിന്റെ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന കാലവും സ്കൂൾ ബുക്ക് സൊസൈറ്റിയിൽ പ്രസാധനം ചെയ്യപ്പെടുന്നതിനുവേണ്ടി പ്രേഷിത സംഘത്തിനു എന്റെ കൃതി സമർപ്പിച്ച കാലവും താരതമ്യം ചെയ്യുമ്പോൾ ഈ വസ്തുത വ്യക്തമാകും. സൊസൈറ്റിക്കു സ്വീകരിക്കുവാൻ വയ്യാത്തവണ്ണം ഉണ്ടായിരുന്ന എന്റെ ഗ്രന്ഥവൈപുല്യവും സ്വന്തമായി അച്ചടിച്ചു പ്രസിദ്ധീകരിക്കുവാനുള്ള എന്റെ സാമ്പത്തികാശക്തിയും കൊണ്ടു മറ്റു ഏതെങ്കിലും വിദ്യാഭ്യാസ സംഘടനയുടെ പേരിൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ പറ്റിയ അവസരത്തിനുവേണ്ടി കാത്തിരിക്കേണ്ടിവന്നു. പക്ഷേ വളരെ നാളായിട്ടും ഒരവസരം വരാതിരുന്നതുകൊണ്ടും ഈ ഗ്രന്ഥത്തെ വിസ്മൃതിയിലേക്കു തള്ളാനുള്ള വൈമുഖ്യം കൊണ്ടും സ്വയം ഇതിന്റെ അച്ചടിച്ചെലവ് ഏറ്റെടുക്കുവാൻ തീരുമാനിച്ചു" എന്ന് ജോർജ്ജ് മാത്തൻ തന്റെ വ്യാകരണഗ്രന്ഥത്തിന്റെ ആമുഖത്തിൽ (ഇംഗ്ലീഷിൽ) കുറിച്ചിട്ടുണ്ട്.

ആയില്യംതിരുനാൾ തിരുവിതാംകൂറിന്റെ രാജ്യഭാരം ഏറ്റതിന്റെ നാലാം വാർഷികം (1861-ൽ) ആഘോഷിച്ചതോടനുബന്ധിച്ച് ഒരു പ്രകരണ (പ്രബന്ധ) മത്സരം നടത്തുകയുണ്ടായി. ഏറ്റവും നല്ല പ്രബന്ധത്തിനു സമ്മാനം കൊടുക്കുന്നതാണെന്നും പരസ്യപ്പെടുത്തിയിരുന്നു. സത്യം എന്ന വിഷയത്തെക്കുറിച്ചായിരുന്നു പ്രബന്ധം. ആ മത്സരത്തിൽ റവ. ജോർജ്ജ് മാത്തൻ സമർപ്പിച്ച പ്രബന്ധത്തിനായിരുന്നു ഒന്നാം സ്ഥാനം ലഭിച്ചത്. വിധികർത്താക്കൾ റവ. എച്ച്, ബേക്കർ, നിഘണ്ടു കർത്താവായ റവ. കൊല്ലിൻസ്, തിരുവിതാകൂർ ചരിത്രകാരനായ പി. ശങ്കുണ്ണിമേനോൻ എന്നിവരായിരുന്നു. ഈ പ്രബന്ധ മത്സരത്തിൽ ലഭിച്ച സമ്മാനത്തുക വിനിയോഗിച്ചാണ് 'മലയാഴ്മയുടെ വ്യാകരണം' അച്ചടിച്ചത്. അച്ചടി പുരോഗമിക്കുമ്പോഴാണ്, ബാസൽ മിഷൻ മിഷനറി ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിയിൽ നിന്നും ഒരു മലയാഴ്മ വ്യാകരണം പ്രസിദ്ധീകരിച്ചതായി അറിയുന്നത്. 1850-ൽ പ്രസിദ്ധീകരിച്ച ഗുണ്ടർട്ടിന്റെ മലയാളഭാഷാ വ്യാകരണം വാങ്ങിവായിച്ച റവ. ജോർജ്ജ് മാത്തൻ, തന്റെ കൃതിയും ഗുണ്ടർട്ടിന്റെ കൃതിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചു ആമുഖത്തിൽ വിശദീകരിക്കുന്നുണ്ട്. തന്റെ പ്രയത്നം അനാവശ്യമോ നിഷ്ഫലമോ ആണെന്ന് ജോർജ്ജ് മാത്തന് തോന്നിയില്ല. രണ്ടു കൃതിയുടേയും ലക്ഷ്യമൊന്നാണെങ്കിലും സമീപന രീതി വ്യത്യസ്തമാണ്. വ്യാകരണത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റിപോലും അവയ്ക്കു വ്യത്യസ്ത ദർശനങ്ങളുണ്ടായിരുന്നു, ഗുണ്ടർട്ടിന്റെ അപഗ്രഥന സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമാണ് തന്റെ വിശ്ലേഷണ രീതി എന്നതിൽ ജോർജ്ജ് മാത്തന് ലേശവും സംശയമില്ലായിരുന്നു. ഗുണ്ടർട്ടിന്റെ വ്യാകരണനിയമങ്ങൾ കർക്കശ(Dogmatical)മാണെങ്കിൽ തന്റേത് അപഗ്രഥനാത്മക (explanatory) മാണ്. നാട്ടുഭാഷാ ഗ്രന്ഥങ്ങളിൽ നിന്നും സമൃദ്ധമായ ഉദാഹരണങ്ങൾ നൽകുന്നതിനു ഗുണ്ടർട്ടു ശ്രമിക്കുന്നുണ്ട്. 1850-ൽ ഗുണ്ടർട്ടിന്റെ വ്യാകരണ ഗ്രന്ഥം പുറത്തിറങ്ങുന്നതിനു മുമ്പു തന്നെ ജോർജ്ജ് മാത്തൻ തന്റെ 'മലയാഴ്മയുടെ വ്യാകരണം' എഴുതികഴിഞ്ഞിരുന്നെങ്കിലും 1863 ൽ മാത്രമേ അതു വെളിച്ചം കണ്ടുള്ളൂ. അതുകൊണ്ട് മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം എന്ന പേരു നേടുവാൻ 'മലയാഴ്മയുടെ വ്യാകരണ'ത്തിനു സാങ്കേതികാർത്ഥത്തിൽ സാധിക്കാതെപോയി.

'വ്യാകരണം ഭാഷയുടെ പ്രമാണങ്ങളേയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളേയും കാണിക്കുന്നതാകയാൽ അതു ഒരു ശാസ്ത്രമാകുന്നു.' എന്ന ഉറച്ച ധാരണയോടെയാണ് ജോർജ്ജ് മാത്തൻ മലയാഴ്മയുടെ വ്യാകരണം രചിക്കുന്നത്. ഓരോ വിഷയത്തേയും സാധൂകരിക്കുന്നതിനു 'ദൃഷ്ടാന്ത'ങ്ങളും അവയെ വീണ്ടും വിശദീകരിക്കുന്നതിനു 'ജ്ഞാപനം' എന്ന നീണ്ട കുറിപ്പുകളും നല്കുന്നതിൽ ജോർജ്ജ് മാത്തൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ശാസ്ത്രീയ ചിന്താ പദ്ധതികളുടെ മൗലികതയും യുക്തിഭദ്രതയുംകൊണ്ടു സമ്പുഷ്ടമാണ് ഈ ജ്ഞാപനങ്ങൾ. ഒരു പുതിയ ഭാഷാക്രമം സൃഷ്ടിച്ചെടുക്കുന്നതിലായിരുന്നു ജോർജ്ജ് മാത്തന്റെ ശ്രദ്ധ. ഭാഷയെക്കുറിച്ചും വ്യാകരണ പദ്ധതികളെക്കുറിച്ചുമുള്ള അതിസൂക്ഷ്മമായ ധാരണകൾ ഉറപ്പിച്ചെടുക്കുക എന്ന ലക്ഷ്യമാണ് ഈ ജ്ഞാപനങ്ങളിലൂടെ ജോർജ്ജ് മാത്തൻ നേടുന്നത്. കാണ്ഡം-അദ്ധ്യായം-സർഗ്ഗം എന്നിങ്ങനെ വിഭജിച്ചുകൊണ്ടാണ് ജോർജ്ജ് മാത്തൻ മലയാഴ്മയുടെ വ്യാകരണം ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഈ ചിട്ടപ്പെടുത്തൽ തന്നെ ഈ പുസ്തകത്തിന്റെ വ്യതിരിക്തതയെ അടയാളപ്പെടുത്തുന്നു. നമ്മുടെ ആദ്യകാല വ്യാകരണ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവരുടെ ലക്ഷ്യം ഈസ്റ്റ് ഇൻഡ്യാ കമ്പനി ഉദ്യോഗസ്ഥർക്കുവേണ്ടിയോ മതപ്രചാരകന്മാരായി വന്നെത്തുന്ന മിഷണറിമാരുടെ ആവശ്യങ്ങൾക്കു വേണ്ടിയോ മലയാളത്തെ അവർക്കു മുമ്പിൽ അവതരിപ്പിച്ച് അവരെ ഭാഷയുമായി അടുപ്പിക്കുക എന്നതായിരുന്നു. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ഭാഷയുടെ

ആത്മാവു കണ്ടെത്തി മലയാളത്തെ അടിമുടി പുതുക്കിപ്പണിയുക എന്ന ലക്ഷ്യത്തോടെയാണ് ജോർജ്ജ് മാത്തൻ തന്റെ വ്യാകരണ ഗ്രന്ഥം ചിട്ടപ്പെടുത്തിയത്.

വ്യാകരണത്തിൽ അക്ഷരലക്ഷണമെന്നും പദലക്ഷണമെന്നും വാചകലക്ഷണമെന്നും കാവ്യലക്ഷണമെന്നും നാലു കാണ്ഡങ്ങൾ ഉണ്ട് എന്ന് ജോർജ്ജ് മാത്തൻ പ്രസ്താവിക്കുന്നുണ്ടെങ്കിലും ഒന്നാം കാണ്ഡത്തിൽ അക്ഷരലക്ഷണവും രണ്ടാം കാണ്ഡത്തിൽ പദലക്ഷണവും മാത്രമേ ജോർജ്ജ് മാത്തന്റെ വിചിന്തനത്തിൽ വന്നിട്ടുള്ളു. വാചകലക്ഷണവും കാവ്യലക്ഷണവും പ്രതിപാദിക്കുന്നതിനു ജോർജ്ജ് മാത്തൻ ശ്രമിക്കുന്നില്ല. വാക്യഘടനയെ വിശദാപഗ്രഥനത്തിനു വിധേയമാക്കുന്നതിനു ജോർജ്ജ് മാത്തൻ ശ്രമിക്കുന്നില്ല. വാക്യഘടനയെ പഠനവിധേയമാക്കുന്നില്ല എന്നത് ഈ വ്യാകരണഗ്രന്ഥത്തിന്റെ ഒരു പോരായ്മയായി കാണേണ്ടതില്ല എന്നാണ് കെ.എം. പ്രഭാകരവാര്യരെപ്പോലെയുള്ള ഭാഷാശാസ്ത്രജ്ഞരുടെ അഭിപ്രായം. മലയാളത്തിലെന്നല്ലാ മറ്റേതു ഭാഷയിലെ പാരമ്പര്യവ്യാകരണങ്ങളും ശബ്ദവിചാരത്തിനും പദവിചാരത്തിനും കൊടുക്കുന്ന പ്രാധാന്യം വാക്യവിചാരത്തിനു കൊടുത്തിട്ടില്ല. വാക്യവിചാരം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്നത് പാരമ്പര്യ വ്യാകരണങ്ങൾക്കുള്ള പൊതുവായ പോരായ്മയാണ്. അതു മാത്രമാണ് മലയാഴ്മയുടെ വ്യാകരണത്തിനും സംഭവിച്ചിട്ടുള്ളത് എന്നാണ് പ്രഭാകരവാര്യരുടെ അഭിമതം. (മൊഴിവഴികൾ, പുറം. 21, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി, 2005) എന്നാൽ വ്യവഹാരഭാഷയുടെ പൊതുസ്വഭാവങ്ങളെക്കുറിച്ചുള്ള പരിചിന്തനങ്ങൾ മലയാഴ്മയുടെ വ്യാകരണത്തിൽ പല സന്ദർഭങ്ങളിലും കടന്നുവരുന്നുണ്ട്.

അക്ഷരമാലയെക്കുറിച്ചുള്ള ചർച്ചകളിലാണ് ജോർജ്ജ് മാത്തന്റെ മൗലിക വീക്ഷണങ്ങൾ ഏറെ പ്രകടമാകുന്നത്. അക്ഷരത്തിന് അദ്ദേഹം നൽകുന്ന നിര്വ്വചനം തന്നെ ശ്രദ്ധിക്കുക:

‘ഗദമായും വാക്കിന്നു മുതലായുമിരിക്കുന്ന ശബ്ദത്തിന്നും അതിന്റെ അടയാളത്തിന്നും അക്ഷരമെന്നു പേരായിരിക്കുന്നു’ എന്നാണ്. മറ്റു ഭാഷാശാസ്ത്രകാരന്മാർ അക്ഷരത്തെ നിര്വ്വചിക്കുന്നതിനു ശ്രമിക്കുന്നില്ല. അക്ഷരങ്ങളെ അച്ച് (സ്വരങ്ങൾ) എന്നും ഹല്ല് (വ്യഞ്ജനങ്ങൾ) എന്നും വിഭജിച്ചിരിക്കുന്നു. മലയാളത്തിൽ പത്ത് അച്ചും, മുപ്പത്തിയെട്ട് ഹല്ലും ഉൾപ്പെടെ 48 അക്ഷരങ്ങളേ ഉള്ളൂ എന്നാണ് ജോർജ്ജ് മാത്തന്റെ അഭിപ്രായം. (മലയാഴ്മയുടെ വ്യാകരണം ഒന്നാം കാണ്ഡം, ഒന്നാം അദ്ധ്യായം ഒന്നാം സർഗ്ഗം, ലക്കം 14)

അച്ചുകൾ

ഹ്രസ്വ സ്വരങ്ങൾ - അ, എ, ഇ, ഒ, ഉ

ദീർഘസ്വരങ്ങൾ - ആ, ഏ, ഈ, ഓ, ഊ (ആകെ 10)

ഹല്ലുകൾ

കണ്ഠ്യങ്ങൾ : ക ഖ ഗ ഘ ങ

താലവ്യങ്ങൾ : ച ഛ ജ ഝ ഞ

മൂർദ്ധന്യങ്ങൾ : ട ഠ ഡ ഢ ണ

ദന്ത്യങ്ങൾ : ത ഥ ദ ധ ന

ഓഷ്ഠ്യങ്ങൾ : പ ഫ ബ ഭ മ

സാർദ്ധ സ്വരങ്ങൾ : യ ര ല വ

ഊഷ്മാക്കൾ : ശ ക്ഷ സ ഹ

അന്തസ്ഥകൾ : ള ഴ റ റ്റ ന് (ആകെ 38)

(10 + 38 = 48)

അക്ഷരങ്ങൾ ആകെ 48 എന്നു നിർണ്ണയിക്കുന്നതിനെക്കുറിച്ചു ജോർജ്ജ് മാത്തൻ നല്കുന്ന വിശദീകരണത്തിനു ശാസ്ത്രീയ അടിത്തറയുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണം ഇപ്രകാരമാണ്.

“അച്ചുകളിൽ ഋ, ൠ, ഌ , ൡ , ഐ, ഔ, അം, അഃ എന്നവയെത്തള്ളിയിരിക്കുന്നതു, മുറയ്ക്കു പറയുംപോൾ അവ അച്ചുകൾ അല്ലായ്ക കൊണ്ടാകുന്നു. ഋ, ൠ, ഌ , ൡ എന്നവ ര, ല എന്നവയുടെ വികാരങ്ങൾ ആകുന്നു.

അവയിൽ ഋ, ൠ, ഌ , ൡ എന്നവ മലയാഴ്മയിൽ തീരെ വരുന്നില്ല. സംസ്കൃതത്തിലും അപൂർവ്വം ആകുന്നു. ഋ എന്നതു വരുന്നതാകയാൽ അതിനെക്കുറിച്ചു പിന്നാലേ കാണും. അം, അഃ എന്നവ അകാരത്തോടു മകാരവും ഹകാരവും ചേരുന്നതിനാൽ ഉണ്ടാകുന്നതാകുന്നു. ഐ. ഔ എന്നവ ദ്വിത്വ സ്വരങ്ങൾ ആകയാൽ മുറപ്രകാരമുള്ള സ്ഥലത്തു അവയെക്കുറിച്ചു പറയും. എകാരത്തിന്റെയും ഒകാരത്തിന്റെയും ദീർഘസ്വരങ്ങളെ വെവ്വേറെ അക്ഷരങ്ങളെക്കൊണ്ടു സാധിച്ചിരിക്കുന്നതു അക്ഷരമാലയുടെ വൃത്തിക്കായിട്ടാകുന്നു. അല്ലാഞ്ഞാൽ അർത്ഥം കൊണ്ടും ശബ്ദം കൊണ്ടും വെവ്വേറായിരിക്കുന്ന മൊഴികൾ ഒന്നായിത്തോന്നുന്നതിനു ഇടവരും. (ഖണ്ഡിക 14)

മലയാളത്തിലെ അക്ഷരമാലയെക്കുറിച്ച് വ്യാകരണ പണ്ഡിതർക്കിടയിൽ വ്യത്യസ്ഥാഭിപ്രായങ്ങളാണുള്ളത്. ഗുണ്ടർട്ട്, സ്വരങ്ങൾ 16, വ്യഞ്ജനങ്ങൾ 38 ഉൾപ്പെടെ 54 അക്ഷരങ്ങളാണുള്ളത് എന്ന് അഭിപ്രായപ്പെടുമ്പോൾ, കേരളപാണിനി, സ്വരങ്ങൾ 16, വ്യഞ്ജനങ്ങൾ 37 ഉൾപ്പെടെ 53 അക്ഷരങ്ങൾ ഉള്ളതായി അഭിപ്രായപ്പെടുന്നു. ഋ, ഌ കാരങ്ങൾ മലയാളത്തിലെ ഉച്ചാരണ സ്വഭാവമനുസരിച്ച് സ്വരങ്ങളല്ലെന്നും അതുകൊണ്ട് അവയെ അടിസ്ഥാന അക്ഷരമാലയിൽ ഉൾപ്പെടുത്തേണ്ടതില്ലാ എന്നുമാണ് ജോർജ്ജ് മാത്തന്റെ അഭിപ്രായം.

റ്റ, ന്, ര, റ, ല എന്നിവ നാക്കിന്റെ പൂച്ഛം മോണെക്കു തൊടുമ്പോൾ ഉണ്ടാകുന്നതാകയാൽ അവയെ മൌണ്യാക്ഷരങ്ങൾ എന്നാണ് ജോർജ്ജ് മാത്തൻ നാമകരണം ചെയ്തിട്ടുള്ളത്. റ്റ, ന്റ എന്നിവയിൽ വരുന്ന റ കാരത്തിന്റെ ശബ്ദം ഖരവർഗ്ഗത്തിന്റെ ശബ്ദമാകയാൽ നാവുകൊണ്ടു തീരെത്തടഞ്ഞിട്ടു പുറപ്പെടുന്നു. ന് കാരം അനുനാസികം ആകയാൽ അതു ശബ്ദിക്കുന്നതിനു നാക്കിന്റെ അറ്റം മോണയിൽ തടഞ്ഞിട്ടു മറ്റു അനുനാസികങ്ങളുടെ കൂട്ടു മൂക്കിൽക്കൂടയും വായിൽക്കൂടയും ശ്വാസം പുറപ്പെടണം എന്നിങ്ങനെയുള്ള വർത്സ്യ, ഖരാനുനാസികങ്ങളെ മൗണ്യാക്ഷരങ്ങൾ എന്ന ജോർജ്ജ് മാത്തന്റെ കണ്ടെത്തൽ (ഖണ്ഡിക 38) സ്വരങ്ങളെ ക്രമീകരിക്കേണ്ട രീതികളെയാണ് പ്രതിപാദിക്കുന്നത്. മൗണ്യം എന്ന് ജോർജ്ജ് മാത്തൻ കല്പിക്കുന്ന സാങ്കേതിക സംജ്ഞ ആകർഷകമോ ഇമ്പകരമോ ആയി അനുഭവപ്പെടുന്നില്ലെങ്കിൽ പോലും കേരളപാണിനി പില്ക്കാലത്ത് നിർണ്ണയിച്ച വർത്സ്യവർഗ്ഗം എന്ന വർണ്ണങ്ങൾ തന്നെയാണ്.

അക്ഷരങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ ജോർജ്ജ് മാത്തൻ 'അർദ്ധാച്ച്' എന്ന മധ്യസ്വരത്തെക്കുറിച്ചു നടത്തുന്ന പരാമർശം ഏറെ ശ്രദ്ധേയവും നൂതനവുമായി അനുഭവപ്പെടുന്നുണ്ട്. ജോർജ്ജ് മാത്തൻ അർദ്ധാച്ച് എന്നു പറഞ്ഞതു തന്നെയാണ് ഗുണ്ടർട്ട് അരയുകാരം എന്നും കേരളപാണിനി സംവൃതോകാരം എന്നും വിശേഷിപ്പിക്കുന്നത്. മലയാഴ്മയുടെ വ്യാകരണത്തിൽ ജോർജ്ജ് മാത്തൻ വിവരിക്കുന്നത് ഇപ്രകാരമാണ്: "മലയാഴ്മയിൽ അർദ്ധാച്ച് എന്നു പേരായിട്ട് ഒരു ശബ്ദം ഉണ്ട്. അതു അകാരത്തിനും ഏകാരത്തിനും മധ്യേ ഒരു ശബ്ദമാകുന്നു. അതു മൊഴികളുടെ ആദ്യത്തിൽ വരുന്നതല്ലായ്കകൊണ്ടു അതിനു വിശേഷാൽ എഴുത്തില്ലാതെയും മൊഴികളുടെ അന്ത്യത്തിൽ വരുന്നതാകകൊണ്ടു അപ്പോൾ ചിലരാൽ അകാരത്തെക്കൊണ്ടും ചിലരാൽ ഉകാരത്തെക്കൊണ്ടും അടയാളപ്പെട്ടും ഇരിക്കുന്നു. എന്നാൽ ഠരം (ഈ) ശബ്ദത്തെ പ്രത്യേകം അടയാളപ്പെടുത്തുവാൻ ഉള്ളതാകുന്നു എങ്കിലും ആയത് അച്ചടിയിൽ സാധിക്കുന്നതിനു പ്രയാസമാകയാൽ ഠരം (ഊ) പുസ്തകത്തിൽ തമിഴു രീതിപ്രകാരം ഉകാരംകൊണ്ടു കുറിക്കപ്പെട്ടിരിക്കുന്നു. ദൃഷ്ടാന്തം: കാട (ഒരുവക പക്ഷി) കാടു (വനം)."

കേന്ദ്രമധ്യസ്വരത്തിന് ഉ കാരത്തോടാണ് ബന്ധമുള്ളതെന്നാണ് ജോർജ്ജ് മാത്തന്റെ അഭിപ്രായം. അക്കാലത്ത് ഈ സ്വരം എഴുതികാണിക്കാൻ മീത്തലടയാളം ( ് ) ഉപയോഗിച്ചിരുന്നില്ല, എന്ന കെ.എം. പ്രഭാകരവാര്യരുടെ വിശദീകരണം (മൊഴിവഴികൾ - പുറം 21) കൂടി കൂട്ടിവായിക്കുമ്പോഴാണ് ജോർജ്ജ് മാത്തൻ ചൂണ്ടിക്കാണിക്കുന്ന 'അർധാച്ച്' കേന്ദ്രമധ്യസ്വരത്തെക്കുറിച്ചുള്ള സൂചനകളാണെന്നു വ്യക്തമാകുന്നത്.

കൊടുന്തമിഴായിരുന്ന കേരളഭാഷ മലയാളമായിത്തീരുന്നതിനെക്കുറിച്ചു എ.ആർ. രാജരാജവർമ്മ ആഴത്തിൽ പരിശോധന നടത്തുന്നു എന്നതാണ് കേരള പാണിനീയത്തിന്റെ പ്രത്യേകത. കേരള പാണിനീയത്തിന്റെ പീഠികയിൽ എ.ആർ. വിശദ പരിശോധന നടത്തി മൂലദ്രാവിഡ ഭാഷയുടെ ശാഖയാണ് മലയാളം എന്ന് സ്ഥാപിച്ചെടുക്കുന്നുണ്ട്. എ.ആറിന്റെ ഇതേ ധാരണ തന്നെ ജോർജ്ജ്മാത്തൻ വളരെ മുമ്പേതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പദങ്ങളെക്കുറിച്ചുള്ള വിചിന്തനങ്ങൾ (ഖണ്ഡിക 97) അവസാനിപ്പിക്കുന്നിടത്താണ് മൗലികമായ തന്റെ കാഴ്ചപ്പാട് ജോർജ്ജ് മാത്തൻ അവതരിപ്പിക്കുന്നത്. അതിപ്രകാരമാണ്: "മലയാഴ്മയുടെ സമശിഖരമായിരിക്കുന്ന തമിഴുഭാഷയുടെ വ്യാകരണക്കാരും പദങ്ങളെ മിക്കവാറും മേൽപറഞ്ഞ പ്രകാരം അത്രേ വിഭാഗിച്ചിരിക്കുന്നു."

മൂലദ്രാവിഡഭാഷയുടെ ശാഖയാണ് തമിഴും മലയാളവും എന്ന ഉറച്ച ധാരണയിലാണ് ജോർജ്ജ് മാത്തൻ തന്റെ വ്യാകരണചിന്തയും ഭാഷാദർശനവും രൂപപ്പെടുത്തിയിട്ടുള്ളത്. ഇവിടെ ജോർജ്ജ് മാത്തൻ സ്വീകരിച്ചിട്ടുള്ളത് സമശിഖരം എന്ന പദമാണ്. എത്ര അർത്ഥഗർഭവും ശാസ്ത്രീയാടിത്തറയുമുള്ള പദമാണ് സമശിഖരം എന്നത് വിശദീകരിക്കേണ്ടതില്ലല്ലോ. ഭാഷാഗോത്രങ്ങളെ വിശേഷിപ്പിക്കാൻ ഇതിലും നല്ല മറ്റൊരു പദമില്ലല്ലോ. ഈ ശാസ്ത്രീയാടിത്തറയിൽ ചവിട്ടിനിന്നുകൊണ്ടാണ് ജോർജ്ജ് മാത്തൻ മലയാഴ്മയുടെ വ്യാകരണം വികസിപ്പിച്ചിട്ടുള്ളത്.

മലയാഴ്മയുടെ വ്യാകരണത്തിന്റെ രണ്ടാം അദ്ധ്യായത്തിലാണ് സന്ധിയെക്കുറിച്ച് ജോർജ്ജ് മാത്തൻ ചർച്ച ചെയ്യുന്നത്. "സന്ധിയിൽ അക്ഷരങ്ങളും മൊഴികളും തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന ഭേദങ്ങളെക്കുറിച്ചു പറയുന്നു. അക്ഷരങ്ങൾക്ക് ഏറ്റവും കുറെച്ചിലും തിരിച്ചിലും ചുരുക്കവും എന്നു നാലു വകഭേദങ്ങൾ ഉണ്ട്." സന്ധിയെക്കുറിച്ചുള്ള ജോർജ്ജ് മാത്തന്റെ നിഗമനങ്ങളിൽ ഒരു ഭാഷാശാസ്ത്രജ്ഞന്റെ വീക്ഷണം ഒളിഞ്ഞുകിടപ്പുണ്ട്. അക്ഷരങ്ങളും മൊഴികളും തമ്മിൽച്ചേരുമ്പോൾ എന്നതിലൂടെ ജോർജ്ജ് മാത്തൻ ഉദ്ദേശിക്കുന്നത് അക്ഷരങ്ങളും വാക്കും തമ്മിൽ ചേരുമ്പോഴുള്ള വർണ്ണ വികാരങ്ങളാണ്. മലയാഴ്മയുടെ വ്യാകരണം 5-ാം സർഗ്ഗത്തിന്റെ 85 മുതലുള്ള ഖണ്ഡികളിൽ വർണ്ണവികാരങ്ങളെക്കുറിച്ച് ജോർജ്ജ് മാത്തൻ വിശദീകരിക്കുന്നുണ്ട്.

നാലു തരം സന്ധികൾ ഉള്ളതായി ജോർജ്ജ് മാത്തൻ സൂചിപ്പിക്കുന്നു.

(1) ഏറ്റം - ദ്വിത്വമുൾപ്പെടെയുള്ള ആഗമം

(2) കുറെച്ചിൽ - ലോപം

(3) തിരിച്ചിൽ - ആദേശം

(4) ചുരുക്കം- സങ്കോചം

എന്നിങ്ങനെയാണ് സന്ധികളെ തരം തിരിച്ചിട്ടുള്ളത്.

സന്ധികളെ സംബന്ധിച്ച് വിപുലമായ ഒരു ചർച്ചയ്ക്ക് ജോർജ്ജ് മാത്തൻ ശ്രമിക്കുന്നില്ല. എങ്കിലും വർണ്ണങ്ങൾ തമ്മിലുള്ള യോഗത്തിന്റെ പരിണിതഫലമാണ് സന്ധി എന്ന ശാസ്ത്രീയ സമീപനം തന്നെയാണ് ജോർജ്ജു മാത്തനും സ്വീകരിച്ചിട്ടുള്ളത്. അച്ചുമച്ചും (സ്വരവും സ്വരവും) കൂടെച്ചേരുന്നതും അച്ചും ഹല്ലുമായിട്ടു (സ്വരവും വ്യഞ്ജനവും) ചേരുന്നതും ഹല്ലുമച്ചും (വ്യഞ്ജനവും സ്വരവും) കൂടെച്ചേരുന്നതും ഹല്ലും ഹല്ലും (വ്യഞ്ജനവും വ്യഞ്ജനവും) കൂടെച്ചേരുന്നതുമായിട്ട് സന്ധിയിൽ നാലു പടുതികൾ ഉണ്ട് (ഖണ്ഡിക 52) എന്നുള്ള വിശദീകരണത്തിൽ വർണ്ണവികാരങ്ങൾക്കു സംഭവിക്കുന്ന രൂപപരിണാമങ്ങളെക്കുറിച്ചുള്ള സൂചനകൾ നൽകുന്നുണ്ട്. കേരള പാണിനീയത്തിൽ എ.ആർ. രാജരാജവർമ്മ സന്ധിപ്രകരണം എന്ന അദ്ധ്യായത്തിൽ വിശദമായ ചർച്ച നടത്തുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഒരു നീണ്ടചർച്ചയ്ക്കു ജോർജ്ജ് മാത്തൻ തുനിയുന്നില്ല.

സന്ധിയെക്കുറിച്ചുള്ള പരാമർശങ്ങൾക്കു മദ്ധ്യേ ഭാഷാവിചാരങ്ങളിലേക്കു ജോർജ്ജ് മാത്തൻ നീങ്ങുന്നുണ്ട്. ഒരു പുതിയ ഭാഷയുടെ പിറവിയെ സ്വപ്നം കാണുന്ന ഭാഷാശാസ്ത്രജ്ഞന്റെ അന്വേഷണബുദ്ധി പ്രകടമാക്കുന്ന ഈ ഭാഷാവിചാരങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ നോക്കിക്കാണേണ്ടതാണ്. അവ താഴെക്കൊടുക്കുന്നു.

"എന്നാൽ പുസ്തകക്കാരന്റെ മുറ താൻ പ്രയോഗിക്കുന്ന ഭാഷയുടെ സ്വഭാവത്തെ അനുസരിച്ചു എഴുതുകയാകുന്നു. ചില പുസ്തകങ്ങളിൽ സംധിയുടെ (സന്ധി) പ്രമാണങ്ങളെ മിക്കവാറും തള്ളി എഴുതിയിരിക്കുന്നതിനാലേ വളരെ ദുശ്ശബ്ദങ്ങൾക്കും തെളിവുകേടിന്നും ഇടവന്നിരിക്കയാൽ വായനക്കാരൻ മറ്റുള്ളവരെ കേൾപ്പിക്കുന്നതിനായിട്ടു വായിക്കുമ്പോൾ സന്ധി ഒപ്പിച്ചു വായിച്ചുകൊള്ളേണം. അല്ലാഞ്ഞാൽ അവൻ വായിക്കുന്നതു ചെവിക്കിൻപമല്ലാതെയും അർത്ഥമറിയുന്നതിന്നു പ്രയാസമായും തീരുന്നതുമല്ലാതെ ചിലപ്പോൾപ്പൊരുൾ പിണങ്ങിത്തിരിയുന്നതിന്നുംകൂടെ ഇടവരുന്നതാകുന്നു. എന്നാൽ കവിതക്കാരു വരുത്തുന്ന മാറ്റങ്ങൾ എല്ലാന്തന്നേ പ്രമാണിക്കണമെന്നല്ല പറയുന്നത്. അവൻ ഭാഷയുടെ സ്വഭാവത്തിന്നു വിരോധമായിട്ടും ശബ്ദരാഗത്തിന്നു ആവശ്യമില്ലാതെയും ഉള്ള പല മാറ്റങ്ങളേയും വരുത്തുന്നുണ്ട്. സംസാരഭാഷയിൽ വരുത്തുന്ന മാറ്റങ്ങളിൽ കൗശലമുണ്ടെന്നു എങ്കിലും ആയതിൽനിന്നു തെളിവുകേട്ടു വരുമെന്നു എങ്കിലും സംശയിക്കുന്നതിന്നു ഇടയില്ലാത്തതാകയാൽ അങ്ങനെയുള്ളവയെ കൈക്കൊള്ളുവാനുള്ളതാകുന്നു." (ഖണ്ഡിക 51).

 ISSN No: 3049-0316 

പുസ്തകക്കാരുടെ ഭാഷ എന്ന പരികല്പനയിൽ ജോർജ്ജ് മാത്തൻ ഒരു മാനകഭാഷയെയാണ് ലക്ഷ്യം വയ്ക്കുന്നത്. ചെവിക്കിൻപമില്ലാതെയും അർത്ഥമറിയുന്നതിനു പ്രയാസകരവുമായ ഭാഷ രൂപപ്പെടുന്നതിൽ ജോർജ്ജ് മാത്തന് ആശങ്കയുണ്ട്. സന്ധിനിയമങ്ങളുടെ അവ്യവസ്ഥിതയാണ് ഈ ഭാഷാ വൈകല്യത്തിനു കാരണമെന്നതാണ് ജോർജ്ജ് മാത്തന്റെ നിഗമനം. ഭാഷയുടെ ആന്തരിക ശോഭയെക്കുറിച്ച് ജോർജ്ജ് മാത്തന് കടുത്ത നിർബന്ധമുണ്ട്. ആന്തിരകശോഭ വർദ്ധിക്കുമ്പോഴാണ് ഒരു മാനകഭാഷ രൂപപ്പെടുന്നത് എന്നതിലും ജോർജ്ജ് മാത്തന് തർക്കമില്ല. ''സന്ധിയിൽ ഉണ്ടായിത്തീരുന്ന സകല വർണ്ണവികാരങ്ങൾക്കും ഉച്ചാരണ സൗകര്യമാണ് അടിസ്ഥാനമെന്നുള്ളത് ആവക വികാരങ്ങളുടെ സ്വരൂപം നോക്കിയാൽ എളുപ്പത്തിൽ അറിയാം'' എന്ന എ.ആർ. രാജരാജവർമ്മയുടെ (കേരള പാണിനീയം (സന്ധിപ്രകരണം) പുറം 129, 23-ാമത് എഡിഷൻ 2010) അഭിപ്രായത്തോട് അടുത്തു നില്ക്കുന്നതാണ് ജോർജ്ജ് മാത്തന്റെയും നിഗമനം.

ഭാഷയുടെ വ്യക്തിത്വരൂപീകരണത്തിനു പ്രാമുഖ്യം നല്കുന്നതിനാണ് ജോർജ്ജ് മാത്തൻ തന്റെ വ്യാകരണഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ ചില ആനുഷംഗിക പരാമർശങ്ങൾ ജോർജ്ജ് മാത്തന്റെ വ്യാകരണഗ്രന്ഥത്തിൽ കാണാവുന്നതാണ്. രണ്ടാം കാണ്ഡ (പദ ലക്ഷണം)ത്തിന്റെ ഒന്നാം അദ്ധ്യായം (നാമം) മൂന്നാം സർഗ്ഗത്തിൽ സംഖ്യയെക്കുറിച്ച മാത്തൻ നല്കുന്ന വിശദീകരണം എ.ആർ. കേരള പാണിനീയത്തിൽ പരാമർശിച്ചിട്ടുള്ള വചനപ്രകരണവുമായി ഏറെ സാദൃശ്യം പുലർത്തുന്നുണ്ട്. ഇവിടെ എ.ആർ. നടത്തുന്ന അത്ര സൂക്ഷ്മമായ ഒരു വിലയിരുത്തലിനു ജോർജ്ജ് മാത്തൻ ശ്രമിക്കുന്നില്ല. എങ്കിലും സാമൂഹിക ഭാഷാശാസ്ത്രത്തിലേക്കുള്ള ആദ്യചുവടുവയ്പ്പുകളാണ് ജോർജ്ജ് മാത്തൻ ഇവിടെ നടത്തിയിട്ടുള്ളത്. ആ പരാമർശം ഇപ്രകാരമാണ്: ''ജീവനില്ലാത്ത വസ്തുക്കളെ സംബന്ധിച്ച ബഹുസംഖ്യയ്ക്കു പകരം ഏകസംഖ്യ പ്രയോഗിക്ക പല ഭാഷകളിലും നടപ്പുണ്ടു. മലയാഴ്മയിൽ അതു സാധാരണമായിരിക്കുന്നു. വസ്തുക്കളുടെ സംഖ്യ കൂട്ടിപറയുമ്പോൾ ബഹുസംഖ്യ പ്രയോഗിക്ക ഠരം (ഇ) ഭാഷയിൽ തീരെയില്ലെന്നു തന്നെ പറയാം. ദൃഷ്ടാന്തം 'രണ്ടു കൈ' എന്നല്ലാതെ 'രണ്ടു കൈകൾ' എന്നു വരുന്നില്ല. നിർലിംഗനാമം ജീവജന്തുക്കളെ സംബന്ധിച്ചതായിരുന്നാൽ, പറയുന്നവന്റെ മനസ്സുപോലെ ഏകസംഖ്യ എങ്കിലും ബഹുസംഖ്യ എങ്കിലും പ്രയോഗിക്കാം. ദൃഷ്ടാന്തം: മൂന്നാടു, നാലു പശുക്കൾ. എന്നാൽ നിർലിംഗം സലിംഗത്തിനായിട്ടു എടുത്തു പറയപ്പെടുമ്പോൾ ബഹുസംഖ്യാർത്ഥത്തിന്നു ബഹുസംഖ്യരൂപം തന്നെ വേണം. ദൃഷ്ടാന്തം: അവർ കഴുതകൾ ആകുന്നു. ആ ചപ്പുകളെകൊണ്ടു ഒരുപകാരവുമില്ല. (ഖണ്ഡിക 158).

ഇവിടെ ജോർജ്ജ് മാത്തൻ നടത്തുന്ന പ്രസ്താവന സാമൂഹികഭാഷാശാസ്ത്രത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പുകൂടിയാണ്. നിർലിംഗനാമം (നപുംസക ലിംഗത്തെയാണ് നിർലിംഗനാമം എന്നു വിവക്ഷിച്ചിട്ടുള്ളത്) ജീവജന്തുക്കളെ സംബന്ധിച്ചിരുന്നാൽ പറയുന്നവന്റെ മനസ്സുപോലെ ഏക വചനമോ ബഹുവചനമോ ഉപയോഗിക്കാം എന്നുള്ള കണ്ടെത്തൽ, ഭാഷാസ്വാതന്ത്ര്യത്തിന്റെ തുറസ്സുകളിലേക്കുള്ള വ്യാകരണകാരന്റെ പ്രവേശനംകൂടിയാണ്. വൈയാകരണന്മാർക്കുള്ള കടുംപിടുത്തം ഇവിടെ ഒട്ടുമേ ജോർജ്ജ് മാത്തനിൽ കാണാനില്ല. വ്യാകരണത്തിന്റെ കാർക്കശ്യ സമീപനത്തിനു ബദലായി നിർദ്ദേശിക്കുന്ന ഈ ഭാഷാസ്വാതന്ത്ര്യം മലയാളത്തെ ഒരു മാനക ഭാഷയാക്കുക എന്ന വിശാലമായ കാഴ്ച്ചപ്പാടിൽ നിന്നും ഉരുവംകൊള്ളുന്നതാണ്.

ആറാം സർഗ്ഗത്തിൽ 'ആചാരവാക്കി'നെക്കുറിച്ചു ജോർജ്ജ് മാത്തൻ നടത്തുന്ന പ്രസ്താവനയിലും സാമൂഹിക പ്രാധാന്യമുള്ള ഭാഷാ സാഹചര്യങ്ങളെയാണ് വിശകലനം ചെയ്യുന്നത്. ഉദാഹരണം നോക്കുക: ''ആചാര വാക്കിൽ പുരുഷാർത്ഥങ്ങളും നിശ്ചയകരങ്ങളും മറ്റും തങ്ങളുടെ മുറെക്കുള്ള അർത്ഥം വിട്ടു ചില വിശേഷപ്രയോഗങ്ങൾ ഉള്ളവയായിരിക്കുന്നതും അല്ലാതെ അവക്കു പകരം മറ്റു പലതര മൊഴികൾ പ്രയോഗിക്കപ്പെടും. ദൃഷ്ടാന്തം: നാം എന്നതു ഞാൻ എന്നുള്ള അർത്ഥത്തിലും താൻ തങ്ങൾ നിങ്ങൾ എന്നവ നീ എന്നതിനു പകരവും അവൻ എന്നുള്ള അർത്ഥത്തിൽ അവർ, അയാൾ, അദ്ദേഹം, അവിടെ, അങ്ങു, അങ്ങുന്നു എന്നവയും പ്രയോഗിക്കപ്പെടുന്നു. (ഖണ്ഡിക 290).

സാമൂഹികാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കപ്പെടുമ്പോൾ ഭാഷാ പ്രയോഗങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളെ സൂക്ഷ്മമായി വിലയിരുത്തുന്ന ഒരു ഭാഷാശാസ്ത്രജ്ഞൻ കൂടിയാണ് ജോർജ്ജ് മാത്തൻ എന്നാണ് ആചാരവാക്കുകളെക്കുറിച്ചുള്ള ഈ പരാമർശങ്ങൾ വ്യക്തമാക്കുന്നത്. ഭാഷയുടെ വഴികൾ പലതലങ്ങളിലേക്കു നീണ്ടുപോകാം എന്നതിനുള്ള സൂചനകളാണ് ജോർജ്ജ് മാത്തൻ ഇവിടെ നല്കുന്നത്. തുടർന്ന് വ്യവഹാര

ഭാഷയിൽ 'നീ' എന്ന പ്രയോഗത്തെ അടിസ്ഥാനമാക്കിയുള്ള മാത്തന്റെ നിരീക്ഷണവും ആഴത്തിലുള്ള ഭാഷാദർശനത്തിന്റെ ഉത്തമോദാഹരണങ്ങളാണ്. അത് ഇപ്രകാരമാണ്:

"നീ എന്നതിനു പകരം നിങ്ങൾ, താൻ, തങ്ങൾ, നമ്മൾ, ഇവൻ, ഈയാൾ ഠരം(ഇ)ദ്ദേഹം, ഇവിടുന്നു (ഇവിടെ നിന്നു) അവിടെ, അവിടുന്നു (അവിടെ നിന്നു) അങ്ങു, അങ്ങുന്നു (അങ്ങു നിന്നു) എന്നവ മുതലായ്‌വ പ്രയോഗിക്കപ്പെടും. നീ എന്നതു ബഹുമാനം ഉൾപ്പെടാത്ത വാക്കാകുന്നു. അതു നല്ല അടുപ്പമുള്ളവരോടും തന്നിൽ താണവരോടും മാത്രമേ പറയപ്പെടുന്നുള്ളൂ. ദൈവത്തെ സംബന്ധിച്ച പറയുന്നതിൽ നീ എന്നതു തന്നെ വേണം. ആയ്ത ദൈവം ഏക സ്വരൂപനാകുന്നു, എന്നോ വാചക സ്തുതിയിൽ ഇഷ്ടപ്പെടുവാൻ മാത്രം ഉള്ളവൻ അല്ലെന്നോ കാണിക്കുന്നതിന്നു ആകുന്നു. നിങ്ങൾ എന്നതു ബഹുമാനകരവും സ്ത്രീകളെ സംബന്ധിച്ച പ്രത്യേകം പറയുന്നതും ആകുന്നു. താൻ എന്നതു ബഹുമാനകരവും പുരുഷന്മാരെപ്പറ്റി മാത്രം പറയുന്നതും ആകുന്നു." (ഖണ്ഡിക 292)

കേരള പാണിനീയത്തിലെ വചന പ്രകരണത്തിൽ എ.ആർ. രാജരാജവർമ്മ ചർച്ച ചെയ്ത വസ്തുതകളും സൃഷ്ടിച്ചെടുത്ത നിയമങ്ങളും മറ്റൊരു കാഴ്ചപ്പാടിൽ ജോർജ്ജ് മാത്തൻ ഇവിടെ അവതരിപ്പിച്ചിരിക്കയാണ്, ആചാരവാക്ക് എന്ന ശീർഷകത്തിനു കീഴിൽ, പൂജകബഹുവചനം എന്ന പ്രയോഗത്തിലേക്ക് എ.ആർ. രാജരാജവർമ്മ എത്തിച്ചേരുന്നതിന് ആശ്രയിച്ച ഘടകങ്ങൾ ഏറ്റക്കുറച്ചിലോടെ ജോർജ്ജ് മാത്തനും ചർച്ചക്കു വിധേയമാക്കുന്നുണ്ട്. സമൂഹികാവസ്ഥയുടെ പശ്ചാത്തലത്തിൽ ഭാഷാഭേദങ്ങളെ വിശകലനം ചെയ്യുമ്പോൾ സ്വീകരിക്കാവുന്ന ഭാഷാസ്വാതന്ത്ര്യം ഏറെ ഉപയോഗിച്ചിട്ടുള്ള വ്യാകരണകാരനായിരുന്നു ജോർജ്ജ് മാത്തൻ. ദൈവത്തെ നീ എന്നു സംബോധന ചെയ്യണം എന്നാവശ്യപ്പെടുന്ന ജോർജ്ജ് മാത്തൻ, ഒരു വൈദികൻ എന്നതിലുപരി ഒരു വ്യാകരണകാരൻ ആണ് താൻ എന്നാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്. ഭാഷയുടെ പ്രയോഗക്ഷമതയിൽ വിട്ടുവീഴ്ച ചെയ്യുവാൻ വ്യാകരണകാരനായ ജോർജ്ജ് മാത്തൻ ഒരുക്കമല്ലായിരുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. മലയാഴ്മയുടെ വ്യാകരണം - റവ. ജോർജ്ജ് മാത്തൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
2. മലയാള ഭാഷാ വ്യാകരണം, മലയാള വ്യാകരണ ചോദ്യോത്തരങ്ങൾ-ഹെർമ്മൻ ഗുണ്ടർട്ട് - സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2014
3. കേരള പാണിനീയം - എ.ആർ. രാജരാജ വർമ്മ (സംശോധനം-ഡോ.കെ. രാഘവൻപിള്ള), സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2011
4. റവ. ജോർജ്ജ് മാത്തൻ - കൃതികളും പഠനവും - ഡോ. സാമുവൽ ചന്ദനപ്പള്ളി ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-സീഡീസ് ബുക്സ്, ചന്ദനപ്പള്ളി
5. മൊഴിവഴികൾ - ഡോ. കെ.എം.പ്രഭാകരവാര്യർ, താരതമ്യ പഠനസംഘം, ചങ്ങനാശ്ശേരി, 2005
6. മലയാളവ്യാകരണ സമീക്ഷ - ഡോ. കെ.എം. പ്രഭാകരവാര്യർ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, ഇടപ്പാൾ, 2017
7. മലയാളം മാറ്റവും വളർച്ചയും - ഡോ. കെ.എം. പ്രഭാകരവാര്യർ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, ഇടപ്പാൾ, 2004/2016.
8. വാക്കും വിചാരവും-ഭാഷയുടെ വഴികൾ, ഡോ. സോമനാഥൻ പി, ആത്മ ബുക്സ്, കോഴിക്കോട്, 2023
9. പാഠഭേദം - ഡോ. എൻ.ആർ. ഗോപിനാഥപിള്ള, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1990
10. പാഠവും പഠനവും - ഡോ. എൻ.ആർ. ഗോപിനാഥപിള്ള, ഡി.സി. ബുക്സ്, കോട്ടയം, 1997
11. മലയാള ഭാഷാ ശാസ്ത്രജ്ഞർ - സമ്പാദനം : നൗഷാദ് എസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015